പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1608 31 /01/2018 ലെ മറുപടിക്ക്

## കാർഷിക നയം സംബന്ധിച്ച റിപ്പോർട്ട്

**ചോദ്യം**

ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.ജെ. ജോസഫ്
ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

വി.എസ്. സുനിൽ കുമാർ
കൃഷി വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | 2015 ലെ ശ്രീ.കെ.കൃഷ്ണൻകുട്ടി എം.എൽ.എ അദ്ധ്യക്ഷനായ സമിതിയുടെ കാർഷിക നയം സംബന്ധിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ)<br>(ബി) | കാർഷിക നയം സംബന്ധിച്ച് നടപ്പിലാക്കാവുന്നതും സർക്കാരിന്റെ നയപരിപാടികളുമായി ഒത്തുപോകുന്നതുമായവ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത കാർഷികനയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി പ്രത്യേക കാർഷിക സോണായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, പൂക്കൾ , ചെറുധാന്യങ്ങൾ എന്നിവയുടെ കൃഷിയ്ക്ക് വിശേഷിച്ചും അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളെ കണ്ടെത്തി അവയെ പ്രസ്തുത വിളയുടെ പ്രത്യേക കാർഷിക മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. മേൽപറഞ്ഞ പ്രധാന വിളകൾക്കായി കണ്ടെത്തിയിട്ടുള്ള പ്രത്യേക കാർഷിക മേഖലകൾ ചുവടെ ചേർക്കുന്നു. |

| വിള | പ്രത്യേക കാർഷികമേഖല |
|---|---|
| നെല്ല് | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് |
| പച്ചക്കറി | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, നെന്മാറ |
| വാഴ | തൃശ്ശൂർ |
| തെങ്ങ് | കോഴിക്കോട് |
| പൂക്കൾ | വയനാട് |
| ചെറുധാന്യങ്ങൾ (ആദിവാസികൃഷി) | അട്ടപ്പാടി |

| | | | |
|---|---|---|---|
| (ഡി) | കാർഷിക സോണിലുള്ള ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നെൽവയലുകൾ സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിനും സംസ്ഥാന സർക്കാർ 2008-ൽ നെൽവയൽ നീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നിരുന്നു. അതുപോലെ മറ്റ് കൃഷി ഭൂമികളും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം കാർഷിക വിപണന വിഭാഗം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഇ) | ഗ്രമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച വിപണികൾ 400 എണ്ണം, ഇക്കോഷോപ്പുകൾ 217 എണ്ണം എന്നിവ 2017-18 കാർഷിക വിപണന വികസനം ശക്തിപ്പെടുത്തൽ പദ്ധതിപ്രകാരവും കൂടാതെ 2017-18 വിപണി വികസനം ശക്തിപ്പെടുത്തൽ കർഷകമിത്ര പരിശീലനവും പോർട്ടൽ അടിസ്ഥാനമാക്കിയുള്ള സേവനം എന്ന പദ്ധതിയിൽ 105 കർഷക മിത്ര എന്നിവ കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഓർഗാനിക് ഫാമിംഗ് പദ്ധതി മുഖാന്തിരം 2016-17-ൽ 65 എക്കോഷോപ്പുകളും 2017-18-ൽ 82 എക്കോഷോപ്പുകളും സ്ഥാപിച്ചു. 2017-18-ൽ 68 എക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | കൃഷി വകുപ്പിന്റെ കീഴി മാർക്കറ്റിംഗ് റിസർച്ച് ആന്റ് ഇൻഫർമേഷൻ നെറ്റ് വർക്ക്, തമിഴ്നാട് മാതൃകയി സ്റ്റേറ്റ് ഡൊമസ്റ്റിക് ആന്റ് എക്പോർട്ട് മാർക്കറ്റ് ഇന്റലിജൻസ് സെ എന്നിവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (എഫ്) | കൃഷിവകുപ്പിലെ വിപണന വിഭാഗം ശക്തിപ്പെടുത്തുവാൻ തീരുമാനം എടുത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ